**മധുരമായ കുട്ടികളെ– നിഷ്കളങ്കരുടെ നാഥനായ ബാബ വന്നിരിക്കുന്നു ഭക്തർക്ക് ഭക്തിയുടെ ഫലം നൽകുന്നതിനായി, വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും വ്യത്യാസം കേൾപ്പിച്ച് മുക്തിയുടേയും ജീവന്മുക്തിയുടേയും സമ്പത്ത് നൽകുന്നതിനായി.**

**ചോദ്യം–** 21 ജന്മത്തേക്കുള്ള രാജ്യ പദവി ഏതു കുട്ടികൾക്കാണ് ലഭിക്കുന്നത്? പ്രജയാവുന്നത് ആരാണ്?
**ഉത്തരം–** ആരാണോ ഒന്നാനമ്മയുടെ കുട്ടിയായി മാറി പരിപൂർണ്ണമായും സമർപ്പണമാകുന്നത് അവർക്കാണ് രാജ്യപദവി ലഭിക്കുന്നത് പിന്നെ ആരാണോ രണ്ടാനമ്മയുടെ കുട്ടി, പൂർണ്ണമായും ബലിയാകാത്തത് അവർ 21 ജന്മത്തിലേയ്ക്ക് പ്രജയായി മാറും. നിങ്ങൾ ശ്രീമത്തിലൂടെ നടന്ന് തന്റെ യോഗബലത്തിലൂടെയാണ് രാജ്യതിലകം നേടുന്നത്. ഇവിടെ ആയുധങ്ങളുടെ കാര്യമൊന്നുമില്ല. നിങ്ങൾക്ക് ബുദ്ധിയോഗത്തിന്റെ ബലത്തിലൂടെ മായാജീത്തും ജഗദ്ജീത്തുമായി മാറണം.

**ഗീതം–** നിഷ്കളങ്കരുടെ നാഥനേക്കാൾ വിചിത്രനായി ആരുമേയില്ല.........

**ഓംശാന്തി.** നോക്കൂ, എന്താണ് പറയുന്നതെന്ന്? ഭക്തരുടെ രക്ഷ ചെയ്യുന്നവനെന്ന്.. എങ്കിൽ ഭക്തർ തീർച്ചയായും എന്തോ അപകടത്തിൽ പെട്ടിരിക്കുന്നു. ഭക്തരെ രക്ഷിക്കുന്നവൻ. ആരുടെ രക്ഷയാണ് ചെയ്യുന്നത്? ആരാണോ അപകടത്തിൽ പെട്ടിരിക്കുന്നത് അവരുടെ. ഈ ഭക്തരുടെ രക്ഷകൻ ശിവബാബയാണ്. ഭക്തർക്ക് ഭക്തിയുടെ ഫലം തീർച്ചയായും ലഭിക്കും. പരിശ്രമിക്കുന്നുണ്ടല്ലോ. പുരുഷാർത്ഥത്തിലൂടെയേ പ്രാലബ്ധം ലഭിക്കൂ ഇതാണ് നിയമം. ഇപ്പോൾ ഈ ലോകത്തിൽ പുരുഷാർത്ഥം ചെയ്യുന്ന എല്ലാവരും ആസുരീയ സമ്പ്രദായത്തിലാണ്. വാസ്തവത്തിൽ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നവർ നല്ലവരായിരിക്കണം. സത്യമായ പുരുഷാർത്ഥം  ഭോലാനാഥനായ ശിവബാബ മാത്രമാണ് ചെയ്യിക്കുന്നത്. പരിധിയുള്ള ലൗകികത്തിലെ മാതാവും പിതാവും ടീച്ചറും എല്ലാവരും പരിധിയുള്ള പുരുഷാർത്ഥം ചെയ്യിക്കുന്നു. പരിധിയില്ലാത്ത ജ്ഞാനം ആർക്കും നൽകാൻ കഴിയില്ല. തീർച്ചയായും ചിലർ വക്കീലും ജഡ്ജുമെല്ലാം ആകുമെങ്കിലും അടുത്ത ജന്മത്തിൽ എല്ലാപുരുഷാർത്ഥവും പുതിയതായി തുടങ്ങണം. വക്കീലായി സ്ഥിരമായി ഇരിക്കാൻ കഴിയില്ല. പ്രാലബ്ധമായി ഒന്നും ശേഖരിക്കപ്പെട്ടില്ല . ഗുരുക്കന്മാരും എന്തെങ്കിലുമൊക്കെ പഠിപ്പിക്കുന്നു, ശാസ്ത്രങ്ങൾ കേൾപ്പിക്കുന്നു എന്നാൽ അതും അല്പകാല സുഖമേ നൽകൂ. പ്രാലബ്ധമൊന്നുമില്ല. രണ്ടാമത് ജന്മമെടുക്കുമ്പോൾ വീണ്ടും ആരംഭിക്കണം. ഈ ഭോലാനാഥനാണ് സദ്ഗുരു. സദ്ഗുരു സദാ സത്യമേ പറയൂ. ബാബ വന്നാണ് സത്യകഥ കേൾപ്പിക്കുന്നത്. ഇത് സദ്ഗുരുവിന്റെ മതമാണ് ഇതിലൂടെയാണ് മുക്തിയും ജീവന്മുക്തിയും ലഭിക്കുന്നത്. ഇത് നരനെ നാരായണനാക്കി മാറ്റുന്നതിനുള്ള മതമാണ്. ഭോലാനാഥൻ വേദശാസ്ത്രങ്ങളെക്കുറിച്ചും ആദി മധ്യ അന്ത്യത്തിന്റെ രഹസ്യത്തെക്കുറിച്ചും ഇരുന്നു മനസ്സിലാക്കിത്തരികയാണ്. മറ്റാർക്കും മുക്തിധാമം ജീവന്മുക്തിധാമത്തെ(സ്വർഗ്ഗം) അറിയുകയില്ല. മുക്തിധാമത്തിന്റെ അധികാരി പരമപിതാപരമാത്മാവാണ്, പരമധാമത്തിലാണ് ബാബ വസിക്കുന്നത്. ഇപ്പോൾ കുട്ടികൾക്ക് മതം ലഭിക്കുന്നു. ബാബ വീണ്ടും വീണ്ടും മനസ്സിലാക്കിത്തന്നിട്ടുണ്ട് ബാബ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. അഥവാ കൃഷ്ണൻ ഭഗവാനാണെങ്കിൽ കൃഷ്ണൻ മുരളി വായിക്കുക മാത്രമേ ചെയ്തുള്ളൂ? അതോടെ കഴിഞ്ഞു. ശ്രീകൃഷ്ണനെ അച്ഛൻ, ടീച്ചർ സദ്ഗുരു എന്ന് ആരും വിളിക്കില്ല. ഇപ്പോൾ അച്ഛൻ സത്യമായ വഴി പറഞ്ഞുതരുന്നതിനാൽ അസത്യമായ വഴികൾ  ഉപേക്ഷിക്കണം. ഗുരുവിന്റെ അടുക്കലേയ്ക്ക് പോകുന്നത് ദ്വാപരയുഗം മുതലാണ് ആരംഭിച്ചത്. സത്യ ത്രേതായുഗങ്ങളിൽ ഗുരുവില്ല. മാതാവാകുന്ന ഗുരു ജ്ഞാനാമൃത് നൽകി സ്വർഗ്ഗം നിർമ്മിച്ചാൽ പിന്നെ അവിടെ ഗുരുവിന്റെ ആവശ്യമില്ല. ഇപ്പോൾ നോക്കൂ– നിങ്ങൾ കുട്ടികൾക്ക് എത്ര നല്ല മതമാണ് നൽകുന്നത്. എല്ലാവരേയും ബാബ യുദ്ധമൈതാനത്തിൽ നിർത്തിയിരിക്കുകയാണ് 5 വികാരങ്ങളോട് വിജയിക്കു എന്നിട്ട് ശ്രീകൃഷ്ണനു സമാനം ദേവതയായി മാറു. നമുക്ക് അറിയാം– ഈ ശ്രീകൃഷ്ണൻ മായയെ ജയിച്ചാണ് ജഗദ്ജീത്ത് അർത്ഥം വിശ്വത്തിന്റെ രാജകുമാരനായത്. (ശ്രീകൃഷ്ണന്റെ ചിത്രം കൈയ്യിൽ വെച്ച് മനസ്സിലാക്കിക്കൊടുക്കണം) നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ യുദ്ധമൈതാനത്തിലാണ്. മായാജീത്തും ജഗദ്ജീത്തുമായി മാറണം. എങ്ങനെയാണോ കൃഷ്ണൻ പിന്നീട് നാരായണനായത് കൂടെ മുഴുവൻ രാജധാനിയുമുണ്ടായിരുന്നു എങ്കിൽ തീർച്ചയായും യുദ്ധമൈതാനത്തിൽ മായയെ വിജയിച്ചിട്ടുണ്ടാവും. 5000 വർഷങ്ങൾക്കു മുമ്പും ഈ ശ്രീകൃഷ്ണനും തന്റെ അന്തിമ ജന്മത്തിൽ യുദ്ധമൈതാനത്തിലായിരുന്നു. അതേപോലെ ഇപ്പോൾ ബ്രഹ്മാബാബയും യുദ്ധമൈതാനത്തിലാണ്, അതുപോലെ നിങ്ങളും യുദ്ധമൈതാനത്തിലാണ്. 5

വികാരങ്ങൾക്കുമേൽ വിജയം നേടി നിങ്ങൾക്കിതായി മാറണം. ഇതിനെയാണ് പറയുന്നത് നാരായണനായി മാറുന്നതിനുള്ള ലഹരി. മായാജീത്തും ജഗദ്ജീത്തുമായി മാറണം. എത്ര സഹജമായ കാര്യമാണ്. കേവലം ഒരു ദ്രൗപദിയല്ല ഉണ്ടായിരുന്നത്. സർവ്വമാതാക്കളും ദ്രൗപദിമാരാണ്. എല്ലാവരേയും സത്യയുഗത്തിൽ നഗ്നമാകുന്നതിൽ നിന്നും രക്ഷിക്കുന്നു. അവിടെ ആരും വികാരത്തിലേയ്ക്ക് പോവുകയില്ല. അപ്പോൾ ചോദിക്കും കുട്ടികൾ എങ്ങനെയുണ്ടാകും? ഹേയ്, അത് പവിത്ര ലോകമാണ്. നിങ്ങൾ സന്യാസിമാർ വീട് ഉപേക്ഷിക്കുന്നത് കൊണ്ട് ലോകമെന്താ അവസാനിക്കുന്നുണ്ടോ? ലോകം വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. സന്യാസികൾക്ക് അറിയാം പവിത്രത നല്ലതാണ്. വികാരങ്ങളുടെ സന്യാസം ചെയ്യുന്നത് നല്ലതാണ്. സന്യാസികൾക്കുമുന്നിൽ സന്യാസം സ്വീകരിക്കാത്തവർ ചെന്ന് കുമ്പിടുന്നു ഗുരുവായി അംഗീകരിക്കുന്നു. ആ സത്യമായ സദ്ഗുരുവിലൂടെ ഈ മാതാക്കൾ ഗുരുവാകുന്നു, അവർക്കായാണ് വിജയമാലയുള്ളത്. ബാബ പറയുന്നു– കുട്ടികളേ, നിങ്ങൾ പഠിച്ച് പദവി നേടു. ഇപ്പോൾ അച്ഛൻ നിങ്ങളെ യുദ്ധമൈതാനത്തിൽ നിർത്തിയിരിക്കുകയാണ്– ശ്രീകൃഷ്ണനു സമാനമായി മാറുന്നതിനുവേണ്ടി. അവരുടേതാണ് ഈ മുഴുവൻ രാജധാനിയും. രാജകുമാരനും രാജകുമാരിയുമെല്ലാം ഉണ്ടാകുമല്ലോ. ഇപ്പോൾ ആരെയും രാജാവെന്നോ മഹാരാജാവെന്നോ അല്ലെങ്കിൽ രാജകുമാരൻ രാജകുമാരിയെന്നോ പറയാൻ കഴിയില്ല. ഇപ്പോൾ നിങ്ങൾക്ക് ബാബയുടെ ദൈവീകമതം ലഭിക്കുന്നു. ഇപ്പോൾ മാതാക്കൾക്ക് ജ്ഞാനകലശം ലഭിച്ചിരിക്കുന്നു. ഈ കുട്ടികൾ അസുരന്മാരെ അമൃത് കുടിപ്പിച്ച് ദേവതയാക്കുന്നു. ദേവതകൾ പഴയലോകത്ത് രാജ്യം ഭരിക്കില്ല. അപ്പോൾ പുതിയ ലോകവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനാൽ കുട്ടികളേ, ഇപ്പോൾ വേഗം വേഗമാകട്ടെ. ഒന്ന് വികാരങ്ങളുടെ ബന്ധനം, രണ്ടാമത് കർമ്മബന്ധനം. അതിൽ നിന്ന് മുക്തമാകാൻ ശ്രീമത്ത് അനുസരിച്ച് നടക്കണം. ബാബ പറയുന്നു– എന്നെ ഓർമ്മിക്കൂ അശരീരിയായി മാറു. ഒരിയ്ക്കലും ആത്മാവ് പരമാത്മാവിൽ ലയിച്ച് ഒന്നാകില്ല. ഒരു ജ്യോതിയും ജ്യോതിയിൽ ലയിച്ചിട്ടില്ല, ഇനി ലയിക്കുകയുമില്ല. ആത്മാവ് അലിയുന്നതാണെങ്കിൽ പിന്നെ അത് ജഢമായില്ലേ. ആത്മാവാണെങ്കിൽ അവിനാശിയാണ്. ശരീരത്തെയാണ് വിനാശീ എന്നു പറയുന്നത്. ആത്മാവ് എന്നിൽ യോഗം വെച്ച് പവിത്രമായിത്തീരുന്നു. പിന്നീട് ശരീരവും പവിത്രമായത് ലഭിക്കുന്നു. ആത്മാവ് പവിത്രമായിത്തീരുന്നു പിന്നീട് ഈ ശരീരം നശിച്ചുപോകുന്നു. പിന്നീട് പവിത്രമായ തത്വങ്ങളാൽ നിർമ്മിതമായ പവിത്രശരീരം ലഭിക്കും. ഈ ശരീരം പൂജയ്ക്ക് യോഗ്യമായി മാറുന്നില്ല. പൂജ്യരായിട്ടുള്ളത് ദേവതകൾ മാത്രമാണ്. അവർക്കുമേൽ പുഷ്പങ്ങൾ വർഷിക്കാവുന്നതാണ്. അവരെ ശ്രീ ശ്രീ അർത്ഥം ശ്രേഷ്ഠത്തിലും ശ്രേഷ്ഠം എന്നു പറയുന്നു. എന്തുകൊണ്ടാണ് രണ്ടുതവണ ശ്രീ ശ്രീ എന്നു പറയുന്നത്? എന്തുകൊണ്ടെന്നാൽ സൂര്യവംശീ ലക്ഷ്മീ നാരായണനാണ് ഉയർന്നതിലും ഉയർന്നത്, അവരുടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. അവരെയാണ് 16 കലകളാലും സമ്പൂർണൻ എന്നു വിളിക്കുന്നത്. ചന്ദ്രവംശികൾക്ക് 14 കലകളാണ് അതിനാൽ അവരെ ശ്രീ എന്നു മാത്രം വിളിക്കുന്നു. ലക്ഷ്മീ നാരായണനാണ് ഉയർന്ന ടൈറ്റിൽ ലഭിക്കുന്നത് ശ്രീ ശ്രീ ലക്ഷ്മി, ശ്രീ ശ്രീ നാരായണൻ. അവർ മഹാരാജാ മഹാറാണിയാണ് എന്നാൽ സീതാരാമന്മാർ രാജാവും റാണിയുമാണ്. നമ്പർ അനുസരിച്ച് ആര് എങ്ങനെയായി മാറുന്നുവോ ആ രീതിയിൽ ടൈറ്റിൽ ലഭിക്കുന്നു. ഇവിടെയും മഹാരാജാവുമുണ്ട് രാജാവുമുണ്ട്. ഉയർന്നവരേയാണ് മഹാരാജാവ് എന്നു പറയുന്നത്. രാജാക്കന്മാർ മഹാരാജാവിനു മുന്നിൽ തല കുനിക്കുന്നു. മഹാരാജാവാണ് ആദ്യം. രാജാവ് അതിനുപിന്നിലാണ്. അതിനാൽ ഇപ്പോൾ ശ്രീമത്ത് അനുസരിച്ച് നടക്കണം. ശ്രീ ശ്രീ ജഗദ്ഗുരു. രുദ്രമാലയുണ്ടല്ലോ. വിശ്വത്തിന്റെ അധികാരിയും ബാബയാണ്. ടീച്ചറും ഗുരുവും അവർ തന്നെയാണ്. ഇങ്ങനെയുള്ള അച്ഛനെ ഓർമ്മിക്കണം. പറയുന്നു– ബന്ധനത്തിലാണ് ആരെങ്കിലും രക്ഷിക്കണേ എന്ന്. (തത്തയെപ്പോലെ) കേൾക്കു, ഭഗവാൻ പറയുകയാണ് ഇപ്പോൾ ഞാൻ നിങ്ങളെ കൊണ്ടുപോകുവാൻ വന്നിരിക്കുകയാണ്, നിങ്ങൾ കേവലം എന്റെ വിരൽ പിടിക്കു. ബാബ എന്ത് പറയുന്നുവോ അതുപോലെ ചെയ്യൂ, തീർച്ചയായും പവിത്രമായി മാറണം. ഈ ശ്മശാനത്തിൽ എന്താണ് ഓർമ്മിക്കത്തക്കതായുള്ളത്. തീർച്ചയായും ഇവിടെയാണ് ഇരിക്കേണ്ടത് എന്നാൽ ബുദ്ധിയോഗം അവിടെയായിരിക്കണം. ഇതിനെയാണ് പറയുന്നത് ശാന്തിധാമം സുഖധാമത്തെ ഓർമ്മിക്കുകയെന്ന്. നഷ്ടോമോഹയായും മാറണം. ബാബ പതിമാരുടേയും പതി, പിതാക്കന്മാരുടേയും പിതാവ് ഗുരുക്കന്മാരുടേയും ഗുരുവാണ്. അതിനാൽ ഇങ്ങനെ(ശ്രീകൃഷ്ണൻ)യായി മാറുന്നതിനായി പരിശ്രമിക്കണം. കല്പം മുമ്പും പുരുഷാർത്ഥം ചെയ്തിരുന്നു സത്യയുഗീ രാജധാനി സ്ഥാപിക്കപ്പെട്ടിരുന്നു. വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ഇതിൽ പവിത്രമായിരിക്കണം. പതി എന്ത് സേവ പറയുന്നുവോ അത് നിങ്ങൾ ചെയ്യണം പിന്നെ കേവലം പവിത്രമായിരിക്കുകയേവേണ്ടു. പവിത്രമായി മാറിയില്ലെങ്കിൽ വൈകുണ്ഠത്തിന്റെ അധികാരിയാവാൻ കഴിയില്ല. ഇപ്പോൾ അച്ഛൻ വന്ന് നിങ്ങൾ കുട്ടികളെ സ്വർഗ്ഗവാസിയാക്കി മാറ്റുന്നു. പതിതരെ പാവനമാക്കി മാറ്റുന്നതും ബാബ തന്നെയാണ്. ഈ വിശ്വത്തിന്റെ ഉടമസ്ഥനും ബാബ തന്നെയാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ജ്ഞാനധനത്തിലൂടെ മനുഷ്യനെ ദേവതയാക്കി മാററു. ബുദ്ധിയിൽ ഇപ്പോൾ

എത്ര വെളിച്ചം വന്നു. ബാക്കി ആർക്കും ഈ ജ്ഞാനമില്ല. എല്ലാവരും ഓരോ ഇടങ്ങളിൽ ചെന്ന് ക്ഷീണിതരാകുന്നു. ഇവിടെ ബാബ നമ്മളെ എത്ര സൈലൻസിൽ ഇരുത്തിയിരിക്കുന്നു. ബാബ പറയുന്നു– മരണാവസ്ഥയിൽ ആണെങ്കിൽ പോലും ഇരുന്ന് കേൾക്കു. ജ്ഞാനാമൃതം വായിലുള്ളപ്പോൾ, ശിവബാബയുടെ ഓർമ്മയുള്ളപ്പോൾ പ്രാണൻ ശരീരത്തിൽ നിന്നും വിടണം. പിന്നീട് അന്തിമസമയത്തെ മനം പോലെ ഗതിയായിത്തീരും. അല്ലെങ്കിൽ വികർമ്മം വിനാശമാവുകയുമില്ല മോഹജീത്താവുകയുമില്ല. ഭക്തിയുടെ ഫലം വെറുതേ കളയും. എല്ലാവരും ഭക്തരല്ലേ, മായയുടെ ബന്ധനത്തിൽ കുടുങ്ങിയിരിക്കുകയാണ്. രക്ഷകൻ ഭോലാനാഥനായ ശിവനാണ്. രക്ഷിക്കാൻ വന്നിരിക്കുകയാണ് അതിനാൽ അവരുടെ അഭിപ്രായം അനുസരിച്ച് നടക്കണം. ശ്രീകൃഷ്ണന്റെ വംശത്തിലേയ്ക്ക് പോകണം. ശ്രീകൃഷ്ണൻ ഫുൾ പാസാണ് പൂർണ്ണ ചന്ദ്രനാണ്. എപ്പോഴാണോ ചന്ദ്രവംശികളുടെ സമയമാകുന്നത് അപ്പോൾ അവർ രാജ്യം സ്വീകരിക്കുന്നു. അതിനാൽ എന്തിന് തോറ്റവരാകണം? ഫുൾ പാസ് ആകണമെങ്കിൽ പുരുഷാർത്ഥം ചെയ്യൂ. പേടിക്കേണ്ട ആവശ്യമില്ല. നിർഭയരും ഒന്നിനോടും വിദ്വേഷമില്ലാത്തവരുമായി മാറണം. മനസ്സിലാക്കിക്കൊടുക്കണമല്ലോ. ഭഗവാൻ സർവ്വവ്യാപിയാണ് എന്ന് പറഞ്ഞവരാണ് ഭാരതത്തെ ഈ മോശം സ്ഥിതിയിലേയ്ക്ക് കൊണ്ടുവന്നത്. ഭഗവാൻ ഒരേ ഒരു ഭോലാനാഥനാണ്, ഭഗവാൻ തന്നെയാണ് സർവ്വഭക്തരുടേയും രക്ഷകൻ. കൃഷ്ണൻ പൂജ്യനായിരുന്നു എന്നാൽ ഇപ്പോൾ പൂജാരിയാണ്. ഇപ്പോൾ കൃഷ്ണന്റെ ആത്മാവ് ഇവിടെയുണ്ട്. ഇപ്പോൾ വല്ലതും മനസ്സിലാക്കു. വളരെ വലിയ ലോട്ടറിയാണ്. കുതിരപന്തയമാണ്. നമുക്ക് ബുദ്ധിയോഗത്തിലാണ് മത്സരിക്കേണ്ടത്. എത്ര വേഗതയിൽ ഓടുന്നോ അത്രയും പെട്ടെന്ന് ബാബയുടെ അടുത്തെത്തും. വികർമ്മം വിനാശമാകും. ബാബ വീണ്ടും വീണ്ടും മനസ്സിലാക്കിത്തന്നിട്ടുണ്ട്– നമ്മൾ യുദ്ധമൈതാനത്തിലാണ് നിൽക്കുന്നത്. മനുഷ്യർ ചോദിക്കും ആയുധം മുതലായവ എവിടെ ഈ മുഴുവൻ  വിശ്വത്തിനുമേലും വിജയം നേടാൻ? (ബാബ ആംഗ്യം കാണിച്ചു) നമ്മൾ ബുദ്ധിയോഗത്തിന്റെ ബലത്തിലൂടെയാണ് മായാജീത്തും ജഗദ്ജീത്തുമാകുന്നത്. നമ്മൾ തപസ്യയിൽ ഇരിക്കുകയാണ് അർത്ഥം ശിവബാബയുടെ ഓർമ്മയിലാണ്. ബുദ്ധി അവിടെ കുടുങ്ങിയിരിക്കുകയാണ്. പതിമാരുടേയും പതി പറഞ്ഞിരിക്കുകയാണ്– പതിവ്രതയായി മാറണം, മറ്റാരെയും ഓർമ്മിക്കേണ്ടതില്ല. യോഗം ചെയ്ത് വെച്ച് പരിപക്വ അവസ്ഥയിലെത്തിച്ചേരണം. സ്ത്രീ തന്റെ പതിയെ ഓർമ്മിക്കാറുണ്ടല്ലോ. എന്നാൽ അത് ദേഹധാരിയാണ്. പരമാത്മാവാണെങ്കിൽ അശരീരിയാണ്, അതിനാൽ ബാബയെ ബുദ്ധികൊണ്ടേ ഓർമ്മിക്കാൻ കഴിയൂ. ദേഹാഭിമാനം മുറിഞ്ഞ് ദേഹീഅഭിമാനിയായിത്തീരും. ബുദ്ധിയിൽ ചക്രം കറങ്ങിക്കൊണ്ടിരിക്കും. നമ്മൾ സ്വർഗ്ഗധാമത്തിലേയ്ക്ക് തീർച്ചയായും പോകും. സൂര്യവംശി, ചന്ദ്രവംശി, പിന്നീട് വൈശ്യ, ശൂദ്രവംശിയായി മാറും. പിന്നീട് ബാബ വന്ന് ശൂദ്രവംശിയിൽ നിന്ന് വീണ്ടും ബ്രാഹ്മണനാക്കും. ഇങ്ങനെ ഇങ്ങനെ സ്വയത്തോട് സംസാരിക്കണം. കുട്ടികൾ പൂന്തോട്ടത്തിൽ ഇരുന്ന് പഠിക്കാറുണ്ട്. നിങ്ങളും ഏകാന്തമായിരുന്ന് ശിവബാബയെ ഓർമ്മിക്കു. നമ്മുടെ പഴയ കണക്കുവഴക്കുകൾ വിനാശമാകും പിന്നീട് നമ്മൾ രാജ്യം ഭരിക്കും. ഇപ്പോൾ നമ്മൾ യുദ്ധമൈതാനത്തിലാണ്. പിന്നീട് നമ്മൾ ഭാരതത്തിൽ അചഞ്ചലവും ദൃഢവുമായ സുഖശാന്തിയുടെ രാജ്യം ഭരിക്കും. വീ ആർ അറ്റ് വാർ.......... നമ്മൾ എല്ലാവരും യുദ്ധമൈതാനത്തിലാണ്. ഇത് മുഴുവൻ യോഗബലത്തിന്റെ കാര്യമാണ്. ഇതിൽ ഒരു ബുദ്ധിമുട്ടുമില്ല. കേവലം ബാബയുടെ ശ്രീമത്ത് അനുസരിച്ച് നടക്കണം. പിന്നീട് സ്വതവേ രാജധാനിയുടെ തിലകം വന്നുചേരും. വരദാനം ലഭിക്കുന്നു– ആയുഷ്മാൻ ഭവ, പുത്രവാൻ ഭവ. അവിടെ ധനം മുതലായവ പരിധിയില്ലാത്തത് ഉണ്ടാകും. ആദ്യം തന്നെ സാക്ഷാത്ക്കാരം ലഭിക്കും കുട്ടി ജനിക്കാൻ പോവുകയാണ്. അവിടെ മുഴുവനും സ്നേഹമായിരിക്കും. വികാരത്തിന്റെ കാര്യമില്ല. അത് നിർവ്വികാരീ ലോകമാണ്. കൃഷ്ണനെ നോക്കു– എത്ര ഫസ്റ്റ് ക്ലാസ് മധുരതയാണ്! ഇപ്പോൾ ഇങ്ങനെയായി മാറണം. നിങ്ങൾക്ക് റാണിമാരായി മാറണം, മീര കേവലം ഭജിക്കുകയാണ് ചെയ്തത്  അവർക്ക് ഭഗവാനെ ലഭിച്ചില്ല, അത് ഭക്തിമാർഗ്ഗമാണ്. മീരയും ഇപ്പോൾ എവിടെയെങ്കിലും ഉണ്ടാകും. അവരും ജ്ഞാനം എടുത്തിട്ടുണ്ടാകും അഥവാ പക്കയായ ഭക്തയാണെങ്കിൽ. നമ്മളും ദ്വാപരം മുതൽ ഭക്തിചെയ്തല്ലേ വന്നത്. ബുദ്ധികൊണ്ട് മനസ്സിലാക്കണം– ശിവബാബാ ഞാൻ അങ്ങയുടേതാണ്. അങ്ങയിൽ നിന്ന് പൂർണ്ണ സമ്പത്ത് നേടും. ഞാൻ അങ്ങയിൽ ബലിയാവുകയാണ്. എങ്കിൽ ബാബയും 21 തവണ നമ്മളിൽ ബലിയാകും. അഥവാ പൂർണ്ണമായും ബലിയാകുന്നില്ല, രണ്ടാനമ്മയുടെ കുട്ടിയാവുകയാണെങ്കിൽ 21 പ്രാവശ്യം പ്രജയായിത്തീരും. ബാബ പറയുന്നു– നിങ്ങൾ എന്നെ ഓർമ്മിക്കു എങ്കിൽ ഞാൻ സഹായിക്കാം. തീർച്ചയായും തന്റെ മക്കളെത്തന്നെയാണ് സഹായിക്കുക, മറ്റാരെയെങ്കിലും എന്തിന് സഹായിക്കണം! ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക്  മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. മായയുടെ മേൽ വിജയം നേടി നമുക്ക് ശ്രീകൃഷ്ണനു സമാനം ജഗത്ജീത്തായി മാരണം. ഈ യുദ്ധ മൈതാനത്തിൽ സദാ വിജയിയാകണം. തോറ്റുപോകരുത്.

2. ശ്രീമത്തിലൂടെ സ്വയത്തെ വികാരങ്ങളുടെ ബന്ധനത്തിൽ നിന്നും കർമ്മബന്ധനത്തിൽ നിന്നും മുക്ത മാക്കണം. അശരീരിയാകുന്നതിനുള്ള അഭ്യാസം ചെയ്യണം. ബുദ്ധിയോഗത്തിൽ മത്സരിക്കണം.

## വരദാനം:- മുഖത്തിലൂടെ സമ്പന്നസ്ഥിതിയുടെ തിളക്കവും ദൃഢതയും കാണിക്കുന്ന സർവ്വ പ്രാപ്തി സ്വരൂപരായി ഭവിക്കട്ടെ.

സംഗമയുഗത്തിലെ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതയാണ്- സദാ സുഖശാന്തിയുടെ, സന്തോഷത്തിന്റെ, ജ്ഞാനത്തിന്റെ, ആനന്ദത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കുക, സർവ്വപ്രാപ്തികളുടെ സമ്പന്ന സ്വരൂപത്തിന്റെ അവിനാശീ ലഹരിയിൽ സ്ഥിതി ചെയ്യുക. മുഖത്ത് പ്രാപ്തിയോട് പ്രാപ്തിയാണ്, ആ സമ്പന്നസ്ഥിതിയുടെ തിളക്കവും ദൃഢതയും കാണപ്പെടണം. സ്ഥൂല ധനത്താൽ സമ്പന്നരായ രാജാക്കന്മാരുടെ മുഖത്തും ആ തിളക്കമുണ്ടായിരിക്കും, അതുപോലെ ഇവിടെയാണെങ്കിൽ അവിനാശി പ്രാപ്തിയാണ്, അതിനാൽ പ്രാപ്തികളുടെ ആത്മീയ തിളക്കവും ദൃഢതയും മുഖത്തിലൂടെ കാണപ്പെടണം.

## സ്ലോഗൻ:- ഭാഗ്യശാലികൾ അവരാണ് ആരാണോ സദാ സന്തോഷത്തോടെയിരുന്ന് സന്തോഷത്തിന്റെ ഖജനാവ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.